(സി)

RAPDRP

RAPDRP Part B പദ്ധതിയിൻകീഴിൽ 1078.30 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ നാളിതുവരെ 283.4 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

RGGVY

RGGVY പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ഒഴികെയുള്ള കേരളത്തിലെ 13 ജില്ലകളിലായി 203 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചത്. ഇതിൽ നാളിതുവരെ 129 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ജലവൈദ്യുത പദ്ധതികൾക്ക് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 152 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനകം 77.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം- മിഷൻ 676

73(413) ശ്രീ. കെ. അച്ചുതൻ :

ശ്രീ. എ. റ്റി. ജോർജ്ജ് :

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676 -ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ - സി) മിഷൻ 676 പ്രകാരം 8.7 ലക്ഷം കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1 ലക്ഷം കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,15,000 കണക്ഷനും 201 മുതൽ 300 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 301 മുതൽ 400 വരെ ദിവസങ്ങളിൽ 1,35,000 കണക്ഷനും 401 മുതൽ 500 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 501 മുതൽ 600 വരെ ദിവസങ്ങളിൽ 1,31,000 കണക്ഷനും 601 മുതൽ 676 വരെ ദിവസങ്ങളിൽ 1,29,000 കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യത്തെ 100 ദിനത്തിൽ 1,09,806 കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,03,899 കണക്ഷനും ഉൾപ്പെടെ ആകെ ഇതുവരെ 2,13,705 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവൽക്കരണം ലക്ഷ്യമിട്ട്, മിഷൻ 676-ൽ ഉൾപ്പെടുത്തി രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന (RGGVY) എന്ന കേന്ദ്ര പദ്ധതിയിൽ 200 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശം. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സമ്പൂർണ്ണ വൈദ്യുതീകരണം 30-11-2014-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലബാറിലെ ആർ.ജി.ജി.വി.വൈ. പദ്ധതിയുടെ പൂർത്തീകരണവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനവും 26-07-2014-ൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ പുരോഗതി ഭരണ തലത്തിൽ നിരീക്ഷിച്ചുവരുന്നു. ആർ.ജി.ജി.വി.വൈ.പദ്ധതി നടപ്പാക്കുന്നതിന്റെയും മലബാർ പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെയും പുരോഗതി വിലയിരുത്തുന്നതിനായി ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ ഒരു യോഗം 21-7-2014-ൽ ചേരുകയും ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

74 (414) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ KSEB മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ PSC-യെ അറിയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് ഇപ്പോൾ PSC റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഒഴിവുകളുണ്ടെങ്കിൽ അവ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 38 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly